**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2573** **09/05/2017-ൽ മറുപടിയ്ക്ക്**

**നെടുമങ്ങാട് ഹോർട്ടികോർപ്പ് അധികൃതർക്കെതിരെ കർഷകർ നടത്തിയ സമരം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ.എം. ഷാജി** | | **ശ്രീ. വി.എസ്. സുനിൽകുമാർ (ബഹു. കൃഷി വകുപ്പ് മന്ത്രി)** | |
| എ) | നെടുമങ്ങാട് അന്താരാഷ്ട്ര മാർക്കറ്റിൽ കർഷകർ ഹോർട്ടികോർപ്പ് അധികൃതർക്കെതിരെ നടത്തിയ സമരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) & ബി) | ഉണ്ട്. നെടുമങ്ങാട് റൂറൽ ഹോൾസെയിൽ മാർക്കറ്റിൽ 2017 ഏപ്രിൽ 21-ാം തീയതിയിലെ ലേലദിവസം പച്ചക്കറി സംഭരിക്കുന്നതുമായി ബന്ധപ്പെട്ട് ഹോർട്ടികോർപ്പിനെതിരെ ഒരു സമരം നടന്നു. പ്രസ്തുത ലേലദിവസത്തിന് ഒരു ദിവസം മുൻപ് ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രത്തിൽ കർഷകരിൽ നിന്നും സംഭരിച്ച 2250 കിലോയോളം വെള്ളരി സ്റ്റോക്ക് ഉണ്ടായിരുന്നു. ഇത് രണ്ടു ദിവസത്തെ വിതരണത്തിന് മതിയാകും എന്നതിനാൽ അധികമായി വെള്ളരി സംഭരിക്കേണ്ടതില്ലായെന്നതിനാലാണ് ഹോർട്ടികോർപ്പിന്റെ നെടുമങ്ങാട് കാർഷിക മൊത്തവ്യാപാര വിപണിയിൽ നിന്നും വെള്ളരി സംഭരിക്കുവാൻ വിമുഖത കാട്ടിയത്. എന്നാൽ തക്കസമയത്ത് കൃഷിവകുപ്പ് മന്ത്രി ഇടപെട്ടതിന്റെ അടിസ്ഥാനത്തിൽ നടന്ന ചർച്ചകളിലൂടെ പ്രശ്നം പരിഹരിക്കുകയും അന്നത്തെ മുഴുവൻ വെള്ളരിയും ഹോർട്ടികോർപ്പ് വാങ്ങുകയും ചെയ്തു. അതിനുശേഷമുള്ള ലേലങ്ങളിൽ ഹോർട്ടികോർപ്പ് നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. കർഷകർ കൊണ്ടുവരുന്ന എല്ലാ ഉല്പന്നങ്ങളും വാങ്ങുവാൻ സന്നദ്ധത കാട്ടുന്നുണ്ട്. |
| ബി) | സമരത്തിനാധാരമായ കാരണങ്ങളെക്കുറിച്ച്നെടുമങ്ങാട്ട് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | | |

(..........തുടരും)

| | | | |
|---|---|---|---|
| **സി)** | തിരുവനന്തപുരത്തുള്ള മറ്റൊരു അന്താരാഷ്ട്ര മാർക്കറ്റിൽ ഹോർട്ടികോർപ്പ് അധികൃതരുടെ ക്രമക്കേടുകൾ മന്ത്രി നേരിട്ട് പരിശോധിച്ച് ബോദ്ധ്യപ്പെട്ടിട്ടും അവരുടെ കൃഷിക്കാരോടുള്ള സമീപനത്തിൽ മാറ്റം വരാത്തതിന്റെ കാരണം പരിശോധിക്കുമോ; | **സി)** | നിലവിൽ കർഷകർക്ക് ഏറെ സഹായകരമായ സമീപനമാണ് ഹോർട്ടികോർപ്പ് സ്വീകരിച്ചു വരുന്നത്. തിരുവനന്തപുരം ജില്ലയ്ക്ക് അകത്തും പുറത്തുമുള്ള സ്വാശ്രയ കർഷക സംഘങ്ങളിൽ നിന്നും, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളിൽ നിന്നും, മറ്റ് കർഷക സംഘങ്ങളിൽ നിന്നും കർഷകർക്ക് മെച്ചപ്പെട്ട വില നൽകി കാർഷികോല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തിവരുന്നു. ഒറ്റപ്പെട്ട സംഭവങ്ങൾ ഒഴിച്ചാൽ കർഷകരിൽ നിന്നും വിപണി മൊത്ത വിലയെക്കാളും കൂടുതൽ വില നൽകിയാണ് ഇപ്പോൾ ഹോർട്ടികോർപ്പ് ഉല്പന്നങ്ങൾ സംഭരിച്ചുകൊണ്ടിരിക്കുന്നത്. ആയതിനാൽ ഇപ്പോൾ ഇത്തരത്തിലുള്ള പരാതികൾ വിരളമാണ്. |
| **ഡി)** | വിലനിലവാരം പിടിച്ചുനിർത്താനും സംസ്ഥാനത്തെ കൃഷിക്കാരെ പ്രോത്സാഹിപ്പിക്കാനും പൊതുഖജനാവിൽ നിന്നും അനുവദിക്കുന്ന സബ്സിഡി തുക, തമിഴ് നാട്ടിലെ പച്ചക്കറി ഏജന്റുമാരുമായി ചേർന്ന് തട്ടിയെടുക്കാൻ മത്സരിക്കുന്ന ഇത്തരം ഉദ്യോഗസ്ഥർ, ഇവിടത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളോടും കർഷകരോടും കാട്ടുന്ന ധിക്കാരം അവസാനിപ്പിക്കാൻ കർശനമായ നടപടി സ്വീകരിക്കുമോ? | **ഡി)** | സർക്കാർ നയത്തിന് വിരുദ്ധമായി പ്രവർത്തിച്ച രണ്ട് ജില്ലാ മാനേജർമാരെ ഒഴിവാക്കിയിട്ടുണ്ട്. പച്ചക്കറി സംഭരണം സുഗമമാക്കുന്നതിന് വേണ്ടി വി.എഫ്.പി.സി.കെ-യുടെയും ഹോർട്ടികോർപ്പിന്റെയും പ്രതിനിധികൾ ഉൾക്കൊള്ളുന്ന കമ്മിറ്റികൾ രൂപീകരിച്ച് അവയുടെ നിരീക്ഷണത്തിലും ഉപദേശത്തിലും മേൽനോട്ടത്തിലുമാണ് സംഭരണം നടത്തുന്നത്. ഇപ്രകാരമുള്ള 4 റീജിയണൽ കമ്മിറ്റികൾക്ക് രൂപം കൊടുത്തിട്ടുണ്ട്. കേരളത്തിൽ ലഭ്യമല്ലാത്ത പച്ചക്കറികൾ മാത്രമാണ് ഇപ്പോൾ സംസ്ഥാനത്തിന് പുറത്ത് നിന്നും സംഭരിക്കുന്നത്. നിലവിൽ കർഷകരിൽ നിന്നും പരമാവധി ഉല്പന്നങ്ങൾ ഹോർട്ടികോർപ്പ് സംഭരിക്കുന്നുണ്ട്. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും കർഷകവിരുദ്ധ സമീപനമുണ്ടായാൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ